**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2081 17.02.2016 ൽ മറുപടിയ്ക്ക്**

**വീടുകളിലെ സൗരോർജ്ജ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.കെ.ബാലൻ :** | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ജെ.എൻ.എൻ.എസ്.എം പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്; എത്ര വീടുകളിൽ സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്; ഇതുവരെ എത്ര വീടുകളിൽ സ്ഥാപിച്ചു; | | (എ) 2012-13 കാലയളവിൽ ഈ പദ്ധതി മുഖേന വീടുകളിൽ ഒരു കിലോ വാട്ട് ശേഷിയുള്ള 10,000 സൗരപ്ലാന്റുകൾ സ്ഥാപിക്കുന്നതു വഴി 10 മെഗാവാട്ട് സൗരോർജ്ജ സ്ഥാപിതശേഷി കൈവരിക്കുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 8500 ഓളം പ്ലാന്റുകൾ ഈ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കമ്പനികളെയാണ് അനെർട്ട് തെരഞ്ഞെടുത്തിരുന്നത്; ഏതെല്ലാം; ഓരോ കമ്പനികളും 1 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ടെണ്ടറിൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; ഗുണഭോക്താവിന് സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡി എത്ര രൂപയായിരുന്നു; | | (ബി) തെരഞ്ഞെടുത്ത 28 കമ്പനികളുടേയും ടെണ്ടറിൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.<br>ഈ പദ്ധതി വഴി പ്ലാന്റ് സ്ഥാപിക്കുന്ന ഗുണഭോക്താവിന് 39,000/- രൂപ സംസ്ഥാന ധനസഹായമായി അനുവദിച്ചിരുന്നു. |
| (സി) 2012 ൽ കേന്ദ്ര ഗവൺമെന്റിന്റെ എം.എൻ ആർ.ഇ വകുപ്പ് ഈ പദ്ധതിയിൽ 1 കിലോ വാട്ട് സിസ്റ്റത്തിന് വേണ്ടി അംഗീകരിച്ച എസ്റ്റിമേറ്റ് തുക എത്രയായിരുന്നു: ഈ തുകയിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര പ്രാവശ്യം തുക പുതുക്കി നിശ്ചയിച്ചു; ഓരോ പ്രാവശ്യവും പുതുക്കി നിശ്ചയിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ; | | (സി) 2012 ൽ ബാറ്ററിയോടുകൂടിയുള്ള 1 കിലോവാട്ട് സോളാർ സിസ്റ്റത്തിന് കേന്ദ്ര സർക്കാർ സബ്സിഡി നിർണ്ണയിക്കുന്നതിനായി നിശ്ചയിച്ച അടിസ്ഥാന വില ഒരു വാട്ടിന് 270/- രൂപയായിരുന്നു.<br>ഇത് കേന്ദ്ര സർക്കാർ പല ഘട്ടത്തിലായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br>22-11-2012 ൽ 240/- രൂപ / വാട്ട്<br>30-5-2013 ൽ 210/- രൂപ / വാട്ട്<br>എന്നാൽ 03.11.2014 ലെ ഉത്തരവ് പ്രകാരം അടിസ്ഥാന വില മാറ്റി കേന്ദ്ര ധനസഹായമെന്ന നിലയിൽ 45/- രൂപ / വാട്ട് എന്ന നിലയിൽ Absolute value ആയി തീരുമാനിക്കുകയാണ് ചെയ്തത്. |

| | | |
|---|---|---|
| (ഡി) കേന്ദ്ര ഗവൺമെന്റ് വില പുതുക്കിയതനുസരിച്ച സബ്സിഡിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | (ഡി) കേന്ദ്ര ഗവൺമെന്റ് ധനസഹായം പുതുക്കിയതനുസരിച്ച് സബ്സിഡിയിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ഇ) കേന്ദ്ര ഗവൺമെന്റ് സോളാർ പ്ലാന്റുകളുടെ വില പുതുക്കി നിശ്ചയിച്ചതിനനുസരിച്ച് പ്ലാന്റുകളുടെ വില പുതുക്കി നിശ്ചയിച്ചോ; എങ്കിൽ എപ്പോഴെല്ലാം വ്യക്തമാക്കുമോ ; | | (ഇ) ഉണ്ട്. 10000 റൂഫ്ടോപ്പ് പദ്ധതിയിൽ 1 കിലോവാട്ട് സോളാർ സിസ്റ്റത്തിന് അനെർട്ടിന് പദ്ധതി അനുമതി ലഭിക്കുമ്പോൾ ഉണ്ടായിരുന്ന കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച അടിസ്ഥാന വിലയിൽ നിന്ന് കുറഞ്ഞ അടിസ്ഥാന വിലയാണ് Expression of Interest വഴി നിശ്ചയിച്ചിരുന്നത്. അതനുസരിച്ച് എം.എൻ.ആർ.ഇ. അനെർട്ടിന്റെ പതിനായിരം സൗരഗൃഹപദ്ധതിയിൽ സബ്സിഡി 53,262/- രൂപ/ കിലോവാട്ട് എന്നാക്കി പുനർനിർണ്ണയിച്ചാണ് അനുമതി നൽകിയത്. ഈ അനുമതിയിൽ മൊത്തം സബ്സിഡി തുകയ്ക്ക് 2 വർഷത്തെ കാലാവധിയും അതു കഴിഞ്ഞുവരുന്ന ആദ്യ നാലുമാസം 1% കുറച്ചും പിന്നീട് 2% കുറച്ചുമാണ് ലഭ്യമാക്കുക എന്നും പറഞ്ഞിരുന്നു. ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.<br>പദ്ധതി തലത്തിൽ വന്ന കാലയളവ് കണക്കിലെടുത്ത് വിലകുറച്ച് തരാൻ കമ്പനികളോട് ആവശ്യപ്പെടുകയും, അതനുസരിച്ച് 03.11.2015 ൽ വില പുതുക്കി നിശ്ചയിച്ചാണ് പദ്ധതി നടത്തി വരുന്നത്. |
| (എഫ്) വില പുതുക്കി നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | | (എഫ്) ബാധകമല്ല |

സെക്ഷൻ ഓഫീസർ

# List of Empanelled Agencies with Price Details

(Solar Panel- 1000wp, Battery -7200 Whr (Tubular Flooded/VRLA ), Inverter-1 kW)

| Sl. No. | Bidder Name | Rate(Rs) |
|---|---|---|
| 1 | Millenium Synergy Pvt.Ltd | 177541 |
| 2 | Power One Micro Systems | 184800 |
| 3 | Gensol Consultants Pvt. Ltd | 184550 |
| 4 | Adithya Solar Energy Systems | 177777 |
| 5 | Solar integration India Pvt. Ltd | 192000 |
| 6 | Su-Kam Power Systems Ltd | 193760 |
| 7 | Tata Power Solar Systems | 197500 |
| 8 | Surana Ventures Ltd | 182700 |
| 9 | UM Green lighting Private Ltd | 205000 |
| 10 | Ammini Solar Pvt. Ltd | 197500 |
| 11 | Waaree Energies Pvt. Ltd | 205500 |
| 12 | Luminous Power Technologies Pvt. Ltd | 193500 |
| 13 | Eversun Energy Private ltd | 192262 |
| 14 | Chemtrols Solar Private Ltd | 196649 |
| 15 | Lanco Solar Energy Pvt. Ltd | 192000 |
| 16 | Jain Irrigation Systems | 197498 |
| 17 | Radiant Solar Pvt.Ltd | 195000 |
| 18 | Agni Power and Electronics | 192500 |
| 19 | Alectrona Energy Pvt.Ltd. | 191000 |
| 20 | Autonic Energy Systems Pvt.Ltd | 196495 |
| 21 | Pace Power systems Pvt.Ltd | 187795 |
| 22 | Thermax Ltd | 182600 |
| 23 | Moser Baer Solar Ltd | 199000 |
| 24 | Emmvee Photovoltaic Power Ltd | 197450 |
| 25 | Bosch Limited | 202535 |
| 26 | Sobhitha Electronics (Manufactures)Pvt. Ltd. | 182262 |
| 27 | PAE Renewables Pvt. Ltd. | 187500 |
| 28 | Sungrace Energy Solutions Pvt. Ltd. | 197300 |

(This list will be updated and published in ANERT website as and when new agencies are included or removed)

(The price offered by the "Agency " is all inclusive of taxes and duties, and shall cover the pre-installation survey and report, transportation, handling charges, supply, installation and commissioning of a standard installation. If the structure requires additional customization for installation on a roof other than a flat roof, or the cabling exceeds 10 meter each for the DC side (not considering the module interconnection cables) and AC side, up to the existing AC distribution board, the additional expenses would be chargeable extra from the beneficiary.)

(Benefit of reduction in VAT 5 % to 1% has to be passed on to beneficiary in addition to this from 1/04/13)

Updated on 25/04/2013